# കേരളസർവകലാശാല

നം.പി.ആർ.89/2021

## പത്രക്കുറിപ്പ്

## ഐ.എം.കെ – എം.ബി.എ. കോഴ്സുകൾക്ക് അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാലയ്ക്ക് കീഴിൽ കാര്യവട്ടം ക്യാമ്പസിൽ പ്രവർത്തിക്കുന്നതും, സർക്കാർ തലത്തിലെ ഏറ്റവും മികച്ച ബിസിനസ് സ്കൂളുകളിൽ ഒന്നുമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയിൽ (ഐ.എം.കെ.), സി.എസ്.എസ്. സ്ട്രീമിൽ എം.ബി.എ. (ജനറൽ), എം.ബി.എ. (ടൂറിസം) കോഴ്സുകളിലേക്ക് ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷാർത്ഥിക്ക് 2021 – ൽ കരസ്ഥമാക്കിയ സാധുവായ KMAT/CAT/CMAT സ്കോർ കാർഡ് ഉണ്ടായിരിക്കേണ്ടതാണ്.

www.admissions.keralauniversity.ac.in എന്ന സർവകലാശാല പോർട്ടൽ വഴി ജൂലൈ 17 ന് രാത്രി 10 മണി വരെ അപേക്ഷകൾ സ്വീകരിക്കുന്നതാണ്. പ്രസ്തുത തീയതിക്ക് മുൻപായി അപേക്ഷ സമർപ്പിക്കുന്ന മുഴുവൻ അപേക്ഷാർത്ഥികളേയും ജൂലൈ 27, 28, 29 തീയതികളിൽ നിശ്ചയിച്ചിരിക്കുന്ന ഗ്രൂപ്പ് ഡിസ്കഷൻ, പേഴ്സണൽ ഇന്റർവ്യൂ എന്നിവയ്ക്കായി ക്ഷണിക്കുന്നതും, പ്രവേശന പരീക്ഷ (80%), ഗ്രൂപ്പ് ഡിസ്കഷൻ, പേഴ്സണൽ ഇന്റർവ്യൂ (20%) എന്നിവയുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി ആഗസ്റ്റ് 7 ന് പ്രസിദ്ധീകരിക്കുന്നതും ആയിരിക്കും. തുടർന്ന് ആഗസ്റ്റ് 16 ന് ഐ.എം.കെ.യുടെ കാര്യവട്ടം ക്യാമ്പസിൽ വച്ച് കൗൺസിലിംഗ് നടത്തുന്നതും അതിൻപ്രകാരം ക്ലാസുകൾ ആരംഭിക്കുന്നതുമായിരിക്കും.

രജിസ്ട്രേഷൻ ഫീസ് ജനറൽ വിഭാഗത്തിന് 600 രൂപയും, എസ്.സി./എസ്.ടി. വിഭാഗത്തിന് 300 രൂപയും ആണ്. പ്രോസ്പെക്ടസ്, അപേക്ഷാ ഫോം എന്നിവയുടെ വിശദാംശങ്ങൾക്ക് സർവകലാശാല പോർട്ടൽ സന്ദർശിക്കുക.

## എസ്.ഡി.സി. ഹിയറിംഗ് മാറ്റി

കേരളസർവകലാശാല പരീക്ഷാക്രമക്കേടുമായി ബന്ധപ്പെട്ട് ഏപ്രിൽ 22, 23 തീയതികളിൽ സർവകലാശാല സെനറ്റ് ഹാളിൽ വച്ച് നടത്താൻ നിശ്ചയിച്ചിരുന്ന വിദ്യാർത്ഥികളുടെ പേഴ്സണൽ ഹിയറിംഗ്, കോവിഡ് 19 വ്യാപനം കാരണം മാറ്റിവച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ ബി.കോം. (സി.ബി.സി.എസ്.എസ്.) (റെഗുലർ – 2018 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് – 2017 & സപ്ലിമെന്ററി – 2016, 2015 & 2014 അഡ്മിഷൻ) മാർച്ച് 2020 പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടു

ളള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡും ഹാൾടിക്കറ്റുമായി കേരളസർവകലാശാല പാളയം ക്യാമ്പസിലെ റീവാല്യുവേഷൻ സെക്ഷനിൽ ഏപ്രിൽ 22 മുതൽ 24 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ (ഇ.ജെ VII – ഏഴ്) സെക്ഷനിൽ എത്തിച്ചേരേണ്ടതാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല 2020 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എ. ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ (2019 അഡ്മിഷൻ – റെഗുലർ/2018 അഡ്മിഷൻ – ഇംപ്രൂവ്മെന്റ്/2015 – 2017 അഡ്മിഷൻ – സപ്ലിമെന്ററി) ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധയ്ക്കും മെയ് 4 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക് റിലേഷൻസ് ഓഫീസർ

**തിരുവനന്തപുരം.**
20.04.2021

For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**